## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 6065** **04/07/2019 ൽ മറുപടിയ്ക്ക്**

## പുതിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും, സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ, 01/03/2019 ലെ സ.ഉ. (കൈ) നം. 22/2019/G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. |
| (സി) പുതിയ അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകില്ലായെന്ന നയം തിരുത്തുവാനുണ്ടായ സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ; | (സി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സർക്കാരിന്റെ അംഗീകാരമോ എൻ.ഒ.സിയോ ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുവാൻ പാടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 19/07/2017-ലെ സർക്കാർ കത്ത് നം.എഫ് 1/27/2017 പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും |

ആയതിന്മേൽ സ്റ്റേ വാങ്ങുകയും ചെയ്തു. പ്രസ്തുത സ്കൂളുകൾ സമർപ്പിച്ച ഹർജികളിന്മേലുള്ള വിധിന്യായത്തിലും അതിന്മേലുള്ള റിട്ട് അപ്പീലിന്മേലുള്ള വിധിന്യായത്തിലും അംഗീകാരത്തിനും എൻ.ഒ.സിയ്ക്കും വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുവാനും ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാനും ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സിയ്ക്ക് വേണ്ടി 01/03/2019 ലെ സ.ഉ.(കൈ) നം. 22/2019/G.Edn പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി

| | | | |
|---|---|---|---|
| (ഡി) | സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിലെ അദ്ധ്യാപകരുടേതിനു തുല്യമായ ശമ്പളം നൽകണമെന്ന നിബന്ധന നിരാക്ഷേപ പത്രം നൽകുന്ന വേളയിൽ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിലെ അദ്ധ്യാപകരുടേതിനു തുല്യമായ ശമ്പളം നൽകണമെന്ന നിബന്ധന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ., അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സിയ്ക്ക് വേണ്ടി സർക്കാർ പുറപ്പെടുവിച്ച, 01/03/2019 ലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ